## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.656** **29.10.2019-ൽ മറുപടിക്ക്**

**നെല്ലിക്കുന്ന് ഇലക്ട്രിക്ക് സെക്ഷനിലെ വൈദ്യുതി മുടക്കം**

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് നെല്ലിക്കുന്ന് ഇലക്ട്രിക്ക് സെക്ഷനിൽ അടുത്ത കാലത്തായി നിരന്തരം രാവിലെ മുതൽ വൈകുന്നേരം വരെ വൈദ്യുതി വിതരണം നിലയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ് കൃത പദ്ധതിയായ IPDS പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ലഭ്യമാകുന്ന ഗ്രാന്റ് നഷ്ടപെടുമെന്നതിനാൽ ടി പദ്ധതിയുടെ ഭാഗമായി LT,HT ABC കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കിയത് മൂലവും ലൈനുകളുടെ റി കണ്ടക്റ്ററിങ്, കൺവെർഷൻ തുടങ്ങിയ അറ്റകുറ്റപ്രവൃത്തികൾ നടന്നതു മൂലവും പ്രകൃതിക്ഷോഭത്തിന്റെ ഫലമായും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വൈദ്യുതി തടസ്സം നേരിട്ടിട്ടുണ്ട്. |
| (ബി) | 2019 സെപ്റ്റംബർ 10 ന് ഒന്നാം ഓണദിവസത്തിൽ രാവിലെ മുതൽ വൈകുന്നേരം വരെ വൈദ്യുതി വിതരണം മുടക്കി അറ്റകുറ്റപണി ചെയ്യാനായിരുന്നുവെങ്കിൽ ഏത് തരത്തിലുള്ള പ്രധാനപ്പെട്ട അറ്റകുറ്റ പണികളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | IPDS ന്റെ ഭാഗമായുള്ള HT,LT ABC കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ, 2019 സെപ്റ്റംബർ മാസം 10 -ാം തീയതി അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവൃത്തികൾ നടത്തിയതിനാൽ ആ ദിവസം വൈദ്യുതി മുടക്കം നേരിട്ടിരുന്നു. |
| (സി) | നെല്ലിക്കുന്ന് സെക്ഷൻ ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ എത്ര മണിക്കൂർ വൈദ്യുതി നിലച്ചിരുന്നുവെന്നും ഇതിനുള്ള കാരണമെന്താണെന്നും ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിച്ചിരുന്നോ എന്നും വിശദമാക്കുമോ? | (സി) | 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ, കാസർഗോഡ് ജില്ലയിലെ 30 സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി എത്തിക്കുന്ന 11 KV ഫീഡറുകളിൽ മൊത്തം 4765 മണിക്കൂർ വൈദ്യുതി തടസ്സമുണ്ടായിട്ടുണ്ട്. മൊബൈൽ നമ്പർ KSEB യിൽ രജിസ്റ്റർ ചെയ്ത എല്ലാ ഉപഭോക്താക്കളെയും വൈദ്യുതി മുടക്കങ്ങൾ എസ്. എം. എസ് മുഖേനേ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ